നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *42 — 12.06.2012-ൽ മറുപടിയ്ക്ക്

## വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, സി. പി. മുഹമ്മദ്<br>,, കെ. അച്ചുതൻ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി) |
| (എ) വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ഇട്ടിട്ടുണ്ടോ; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദമാക്കുമോ<br><br>(ബി) എവിടെയൊക്കെയാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ? | (എ) & (ബി) കേന്ദ്ര സർക്കാരിന്റെ അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം (USIS) പ്രകാരം കോട്ടയത്ത് ഒരു മൾട്ടീ പർപ്പസ് ഇൻഡോർ സ്പോർട്സ് ഹാൾ നിർമ്മിയ്ക്കുന്നതിന് 7.25 കോടി രൂപയുടെ പ്ലാനും, എസ്റ്റിമേറ്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും കേന്ദ്ര സർക്കാർ അംഗീകരിയ്ക്കുകയും 6 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിയ്ക്കുകയും ബാക്കി 1.25 കോടി രൂപ സംസ്ഥാന വിഹിതമായും നൽകുന്നതാണ്. കോട്ടയം ജില്ലയിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള 1.60 ഏക്കർ സ്ഥലത്താണ് മൾട്ടി പർപ്പസ് ഇൻഡോർ സ്പോർട്സ് ഹാൾ നിർമ്മിക്കുന്നത്. ആദ്യഗഡുവായ 3,87,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ മുണ്ടയാട് ഒരു മൾട്ടി പർപ്പസ് ഹാളിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിന്റെ പദ്ധതികൾ എല്ലാം തന്നെ 50% കേന്ദ്ര ധന സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. കണ്ണൂർ മൾട്ടി പർപ്പസ് ഹാളിന്റെ നിർമ്മാണത്തിനായി 41,16,33,400/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ